


# അടിത്തറ ഭദ്രമാക്കാം

ബ്ര. റിജോ ജോസഫ് MCBS Vol. 11, Issue: 43

**ദി**വ്യകാരുണ്യ ഈശോയിൽ ഏറ്റവും സ്നേഹിക്കപ്പെടുന്ന സഹോദരരേ,

അകന്നുപോയ ദൈവ-മനുഷ്യബന്ധത്തെ കൂട്ടിയോജിപ്പിക്കാൻ, കളഞ്ഞുപോയ സൗഹൃദങ്ങളെ വീണ്ടെടുക്കാൻ തിരുസഭ നമ്മെ ക്ഷണിക്കുന്ന സമയമാണ് നോമ്പുകാലം. നോമ്പുകാലത്തിന്റെ രണ്ടാമത്തെ ആഴ്ചയിലേയ്ക്ക് നാം പ്രവേശിക്കുമ്പോൾ ക്രിസ്തുവിൽ കേന്ദ്രീകൃതമായ അടിത്തറ പണിയേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

ആദ്യത്തെ വായനയായ ഉൽപത്തി പുസ്തകം 5-ാം അദ്ധ്യായത്തിൽ, വിശ്വാസമാകുന്ന പാറമേൽ ജീവിതമാകുന്ന ഭവനം പണിത നോഹയുടെ ജനനത്തെക്കുറിച്ച് നാം ശ്രവിച്ചു.

ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യൻ പാപം ചെയ്യാൻ തുടങ്ങിയപ്പോൾ നീതിമാനായ നോഹയെ ദൈവം തിരഞ്ഞെടുത്തു. പരിഹാസത്തിന്റെ കൊടുങ്കാറ്റുകൾ അവന്റെ മേൽ ആഞ്ഞടിച്ചപ്പോഴും ജലപ്രളയത്തെ നേരിടേണ്ടി വന്നപ്പോഴും നോഹയുടെ ജീവിതമാകുന്ന ഭവനം നിലംപതിക്കാതിരുന്നത് വിശ്വാസമാകുന്ന അടിത്തറ മേൽ അവൻ പണിയപ്പെട്ടിരുന്നതിനാലാണ്. മാനവരക്ഷയ്ക്കു വേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതിയിൽ നോഹ എങ്ങനെ പങ്കുപറ്റുന്നുവെന്ന് ഉൽപത്തി പുസ്തകം സാക്ഷ്യപ്പെടുത്തുന്നുണ്ട്.

രണ്ടാം വായനയായ ജോഷ്വായുടെ പുസ്തകത്തിലും ദൈവാനുഭവമാകുന്ന അടിത്തറ മേൽ ജീവിതം പണിത ഒരു ജനത സാക്ഷ്യം വഹിച്ച വലിയ അത്ഭുതത്തെപ്പറ്റി നാം വായിച്ചുകേട്ടു. വാഗ്ദാനപേടകം വഹിച്ചിരുന്ന പുരോഹിതന്മാരുടെ പാദങ്ങൾ ജലത്തെ സ്പർശിച്ചപ്പോൾ കരകവിഞ്ഞൊഴുകിയ ജോർദ്ദാൻ നദിയുടെ ഒഴുക്ക് നിലച്ച് വരണ്ട ഭൂമിയിലൂടെ എന്നപോലെ ഇസ്രായേൽ ജനം ജോർദ്ദാൻ കടന്നു എന്ന് വചനം പറഞ്ഞുവയ്ക്കുന്നു. ജോർദ്ദാനിൽ നിന്നെടുത്ത 12 കല്ലുകൾ ഭാവിസന്തതികളുടെ സാക്ഷ്യത്തിനായി ജോഷ്വാ ഗിൽഗാലിൽ സ്ഥാപിച്ചു എന്ന തിരുവചനഭാഷ്യം അർത്ഥമാക്കുക, ആഴമേറിയ ദൈവാനുഭവമാകുന്ന അടിത്തറ മേൽ വേണം നമ്മുടെ ജീവിതമാകുന്ന ഭവനം പണിയേണ്ടത് എന്നതിന്റെ സൂചനയാണ്.

റോമാ ലേഖനത്തിലൂടെ വി. പൗലോസ് ശ്ലീഹാ ദൈവകൃപയാകുന്ന അടിത്തറയിൽ ഭവനം പണിയുവാൻ നമ്മെ ക്ഷണിക്കുന്നു. പാപത്തിന്റെ വേതനം മരണമാണെന്നും വിശുദ്ധി നമ്മെ നിത്യജീവിതത്തിലേയ്ക്ക് നയിക്കുമെന്നും ശ്ലീഹ പഠിപ്പിക്കുമ്പോൾ നാം ദൈവകൃപയിൽ ആശ്രയിച്ചു ജീവിക്കാനുള്ള ഒരു ആഹ്വാനവും കൂടിയാണിത്.

ഈശോയുടെ പ്രബോധനങ്ങളുടെ കേന്ദ്രഭാഗമായ ഗിരിപ്രഭാഷണം അവസാനിക്കുക, പാറമേൽ ഭവനം പണിയുക എന്ന സന്ദേശത്തോടുകൂടിയാണ്. എല്ലാ മനുഷ്യനും പണിതു തീർക്കേണ്ട ഒരു ഭവനമുണ്ടെന്നും അവന്റെ ജീവിതമാകുന്ന ഈ ഭവനത്തിന് ഉറച്ച അടിസ്ഥാനമുണ്ടായിരിക്കണമെന്നും ഈശോ പഠിപ്പിക്കുകയാണ്. ക്രിസ്തീയജീവിതമാകുന്ന ഭവനത്തിന്റെ അടിത്തറ ഭദ്രമാക്കാൻ ക്രിസ്തുവാകുന്ന പാറമേൽ നാം ഭവനം പണിയണം. ജീവിതത്തിന്റെ കാറ്റിലും കോളിലും പതറാതെ മുന്നേറണമെങ്കിൽ ദൈവവചനമാകുന്ന പാറമേൽ അടിസ്ഥാനമിടണം. ഉറച്ച അടിസ്ഥാനമിട്ടു എന്നതിനാൽപോലും വിവേകിയുടെ ജീവിതത്തിലും കൊടുങ്കാറ്റുകളും, പേമാരികളും, വെള്ളപ്പൊക്കവും ഉണ്ടായേക്കാം. ഇവിടെയെല്ലാം തകരാതെ നിൽക്കണമെങ്കിൽ ദൈവകൃപയിൽ നാം ആശ്രയിക്കണം.

ക്രിസ്തുവിന് അനുയോജ്യമല്ലാതെ നാം പണിതുയർത്തുന്നതെല്ലാം നമ്മുടെ നേട്ടങ്ങളാകട്ടെ, ലോകത്തിന്റെ സുഖങ്ങൾ എന്തുമാവട്ടെ, അതെല്ലാം മണൽപ്പുറത്ത് ഭവനം പണിത ഭോഷനു തുല്യമാണ്. അവന്റെ നാശം വലുതായിരിക്കും. ഈശോയുടെ ഈ സന്ദേശം നമുക്കു മുമ്പിൽ ഒരു വിളിയും വെല്ലുവിളിയും ഉയർത്തുന്നുണ്ട്. ജീവിതമാകുന്ന ഭവനം ഏത് അടിത്തറയിൽ പണിയണമെന്ന് നാം നടത്തേണ്ട ഒരു തീരുമാനമാണ്. മഴയാവാം, കാറ്റാവാം, വെള്ളപ്പൊക്കമാവാം... ഇവിടെയൊക്കെ തകരാതെ നിൽക്കണമെങ്കിൽ പാറമേൽ അടിസ്ഥാനമിട്ട ഭവനമായിരിക്കണം നമ്മൾ.

പാറമേൽ പണിയപ്പെട്ട ഭവനം എന്ന ഈശോയുടെ ആഹ്വാനത്തിന് തിരുസഭയോടു ചേർന്ന് ജീവിക്കുക എന്ന അർത്ഥം കൂടിയുണ്ട്. മതമർദ്ദനത്തിന്റെ കൊടുങ്കാറ്റിലും, പാഷണ്ഡതകളുടെ പേമാരികളിലുമെല്ലാം സഭ തകരാതിരുന്നതിന്റെ ഏക കാരണം, അത് ക്രിസ്തുവാകുന്ന അടിത്തറയിൽ പണിയപ്പെട്ടതിനാലാണ്. തിരുസഭയുടെ മക്കൾ എന്ന നിലയിൽ നമ്മുടെ വിളിക്കനുസരിച്ച് ഓരോ ജീവിതാന്തസ്സിനും ചേർന്ന കരുത്തുറ്റ അടിത്തറകൾ നിർമ്മിക്കണം. കുടുംബജീവിതം നയിക്കുന്നവർ കരുതലുള്ള സ്നേഹത്തിന്റെ ആർദ്രഭാവങ്ങൾ കൊണ്ട് ജീവിതത്തിന്റെ അടിത്തറ പണിയണം. അടിത്തറയുടെ ഉറപ്പ് നിർമ്മാതാവിനു മാത്രം അറിയാവുന്ന സത്യമാണ്. അടിത്തറ ആരും കാണുന്നില്ല എന്ന് കരുതി അത് വേണ്ടെന്നുവച്ച് ഭവനം പണിയുന്നവൻ ഭോഷനാണ്. അടിത്തറ കാണുന്നവൻ, നമ്മുടെ ഹൃദയം കാണുന്നവൻ ദൈവം മാത്രമാണെന്ന് നമുക്ക് തിരിച്ചറിയാം.

ദൈവം സ്നേഹത്തിന്റെ കൂദാശയായ ദിവ്യകാരുണ്യത്തിലൂടെ നമ്മുടെ അനുദിനജീവിതത്തിന്റെ ഭാഗമാകുമ്പോൾ വിശുദ്ധ കുർബാനയിൽ നമുക്ക് ജീവിതത്തിന്റെ അടിത്തറ പണിയാം. ദിവ്യകാരുണ്യത്തിൽ അടിത്തറ പണിത വിശുദ്ധരുടെ ജീവിതം നമ്മെ പ്രചോദിപ്പിക്കും. ഫ്രാൻസിൽ അടിമകളായി പിടിക്കപ്പെട്ട കുറ്റവാളികളെ വിലകൊടുത്തു വാങ്ങി സ്വതന്ത്രരാക്കി വി. വിൻസെന്റ് ഡി പോളും, മൊളോക്കോയിലെ കുഷ്ഠരോഗികളുടെ കണ്ണീരൊപ്പാൻ തൂവാലയും, മുറിവുണക്കാൻ ഔഷധമായി മാറിയ വി. ഡാമിയാനും, അസീസ്സിയുടെ തെരുവീഥികളിൽ സ്നേഹം സ്നേഹിക്കപ്പെടുന്നില്ലല്ലോ എന്ന് അലറിവിളിച്ച വി. അസീസ്സിയും തടങ്കൽപാളയത്തിൽ മരണത്തിനു മുമ്പിൽ വാവിട്ടു കരഞ്ഞയാൾക്കു പകരം സധൈര്യം മരണം വരിച്ച വി. മാക്സ്മില്യൻ കോൾബെയും കൽക്കട്ടയിലെ തെരുവിൽ അസ്ഥിപഞ്ജരങ്ങളെ തഴുകിയ വി. മദർ തെരേസയും ദിവ്യകാരുണ്യത്തിൽ അടിത്തറ പാകിയതിന്റെ ഏതാനും ഉദാഹരണങ്ങളാണ്.

അനേകരിലേയ്ക്ക് നന്മ ചൊരിയുന്ന ജീവിതമാകൻ ഈ വിശുദ്ധ ബലി നമ്മെ സഹായിക്കട്ടെ. ദിവ്യകാരുണ്യ അടിത്തറയിൽ നമ്മുടെ ജീവിതത്തെ പണിതുയർത്താം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.